E 575



# വില്ലാളി

പി. ഭാസ്കരൻ

ശ്രീ കൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

# വില്ലാളി

4080
E.575

ഗ്രന്ഥകർത്താ:
പി. ഭാസ്കരൻ

ഗ്രന്ഥശാല,
മലയിൻകീഴ്

PUBLISHERS:
**THE MANGALODAYAM LIMITED,**
**TRICHUR.**

1121

കോപ്പി 1000. വില: 8ണ.

തൃശ്ശിവപേരൂർ
മംഗളോദയം അച്ചുക്കൂടത്തിൽ
അച്ചടിച്ചതു്.

ഗ്രന്ഥശാല,
മലയിൻകീഴ്

4080

വില്ലാളിയുടെ കൂടെ......

മോചനം കാത്ത്

എൻെറ തൂലിക

മണിയറ

വിജയത്തിൻെറ മറുപുറം

വസന്താഗമം

ആ നർത്തനം

ക്ഷമിക്കുക

ഗായകന്മാർ

വയനാട്ടിൽ

# വില്ലാളി

വില്ലാളിയാണു ഞാൻ; ജീവിതസൌന്ദര്യ-
വല്ലകി മീട്ടലല്ലെന്റെ ലക്ഷ്യം.
കാണാമെൻകൈകളിൽ പാവനാദർശത്തിൻ
ഞാണാൽ നിബന്ധിച്ച ഭാവനയെ.
ജീവചൈതന്യത്തിന്നായുധശാലയിൽ
രാവി മിനുക്കിയ ചിന്തകളെ
എന്നാവനാഴിയിൽനിന്നുമെടുത്തു ഞാ-
നെയ്യുന്നു ശത്രുവിൻ മാർത്തടത്തിൽ!
ചീളെന്നു മൂളിക്കൊണ്ടായവ പായുന്നു
കാലാന്തരീക്ഷത്തിലൂടെ നിത്യം.

അമ്പുകൾ പാഞ്ഞടുത്തീടുമ്പോൾബ്ഭീതിയാൽ
കമ്പിതമാകുമാ മാർത്തടങ്ങൾ
എല്ലാം പിളർന്നു കഴിയുംവരേയ്ക്കുമീ
വില്ലാളി വില്ലാളിതന്നെയെന്നും!!

## മോചനം കാത്ത്

കാലമാം കരിങ്കടൽ
തന്നിലേയ്ക്കാരോ വെള്ളി-
നൂലുകൾ കോർത്തുണ്ടാക്കും
വലയൊന്നെറിയുന്നു;

വലിക്കും പടിഞ്ഞാട്ടേ-
യ്ക്കന്തിയാവുമ്പോൾ ചോര-
യൊലിക്കും കതിരോനാം
മീനിനെപ്പിടികിട്ടും.

എങ്കിലും വല പൊട്ടി-
ച്ചാ മത്സ്യം വീണ്ടും മുങ്ങി-
പ്പൊങ്ങുന്നു കിഴക്കെഴും
ചെങ്കടൽത്തിരയ്ക്കുള്ളിൽ!

എന്നുമേ കാണാറുണ്ടി-
താവർത്തിച്ചെന്നാകിലും,
അന്നു ഞാൻ കടല്ക്കര-
ക്കാറേററു ലാത്തീടുമ്പോൾ

ഒന്നോർത്തുപോയീ വല-
സ്സുള്ളിലായലയുന്ന
മന്നിലെ മത്സ്യങ്ങളെ,
മർത്തിതലക്ഷങ്ങളെ!

ജീവിതസരിത്തിങ്ക-
ലിരസ്സായലയുമ-
പ്പാവങ്ങളാരോ തീർത്ത
വലയിൽ കുടുങ്ങിപ്പോയ്.

നിർദ്ദയം മുറുകുന്നൂ
നീതിതൻ ചരടുകൾ;
നിത്യവും പിടയലാൽ
മുട്ടുന്നൂ ജീവശ്വാസം.

വഴുതിത്തെറ്റിപ്പോകാൻ
ഭാവിച്ചാലുടൻതന്നെ-
ക്കഴുത്തിൽപ്പിടിച്ചീടും
മൃത്യുവിൻ കടുംകൈകൾ!!

എന്നാലും കേൾപ്പു ഞാ,നൊ-
രുഗ്രമാം കൊടുങ്കാററു
വന്നടുത്താർത്തീടുന്ന
മോചനസന്ദേശത്തെ.

നിമിഷത്തിരമാല-
യോരോന്നാഞ്ഞടിയ്ക്കവേ,
നിലവിട്ടാടിടുന്നു
വലക്കാർ വലയ്ക്കൊപ്പം.

പഴകിക്കഴിഞ്ഞുപോയ്
നൂലുകൾ, തുരുമ്പിനാ-
ലഴിഞ്ഞു കഴിഞ്ഞുപോയ്-
ക്കെട്ടുകളെല്ലാംതന്നെ!

എന്നാലീ മത്സ്യങ്ങളൊന്നുഗ്രമായ്പ്പിടഞ്ഞുകൊ-
ണ്ടെന്നാണീ വലക്കെട്ടിൽനിന്നുടൻ പുറത്തേയ്ക്കായ്
ചാടുവതെന്നും പാർത്തു, വിരിയും പ്രതീക്ഷകൾ
ചൂടിയ മനസ്സുമായ്ക്കവിയുണ്ടിരിയ്ക്കുന്നു!!

# എൻെറ തൂലിക

ജീവിതത്തിൻ വഴിത്താരയിൽ നിത്യവും
രാവും പകലുമായ് മാറി മാറി,
കാലത്തിൻ കാലടിപ്പാടുകൾ വീഴ്ത്തു
തൂലികത്തുമ്പാൽപ്പകത്തീടുവാൻ,
അപ്പാദമുദ്രകൾക്കുള്ളിൽ കിളുക്കുന്നൊ-
രത്ഭുതജീവചൈതന്യങ്ങളെ
ആയപോൽച്ചിത്രീകരിക്കുവാൻ, സങ്കല്പ-
ച്ഛായം കലക്കിയ പാത്രവുമായ്,
പോവുകയാണു ഞാൻ, ഭാവിയെന്മാർഗ്ഗത്തിൽ
പൂവിരിച്ചീടിലുമില്ലെന്നാലും.
ഇങ്ങെഴുമിക്കൊച്ചുപുല്ലിൻകൊടികളും,
മങ്ങിക്കിടക്കുന്ന മൺതരിയും,
പൂത്തു തളിക്കും നികുഞ്ജവും, കാന്തിയെ-
ക്കാത്തു കിടക്കും നിഴൽനിരയും,
ഒന്നും വിടാതെ പകത്തുന്നു ഞാനെൻെറ
കണ്ണീർ കലരുമിച്ഛായക്കൂട്ടാൽ!
വൻപരിവത്തനക്കാററടിച്ചീടുമ്പോൾ,
സംഭവമേഘങ്ങൾ വഷിക്കുമ്പോൾ,

ഭീതിയാൽച്ചൂളിപ്പതുങ്ങാതെ,യോടിപ്പോയ്
ഭൂതത്തിന്നുള്ളിലൊളിച്ചിടാതെ

നിശ്ചയം മുന്നോട്ടു നീങ്ങീടുമെങ്കിലോ
നിത്യസംതൃപ്തമിക്കൊച്ചുപേന!!

4080

# മണിയറ

അത്തിരശ്ശീലതന്നപ്പുറത്തുണ്ടൊരു
പുത്തനാം പ്രേമസാമ്രാജ്യം

സങ്കല്പസീമയെപ്പിന്നിട്ടുകേറുന്ന
തങ്കക്കിനാക്കൾതൻ രാജ്യം

രണ്ടു ഹൃദയങ്ങൾക്കുള്ളിലൊതുങ്ങുന്ന
വിണ്ടലമാണതിന്നുള്ളിൽ

കണ്ടുപിടിയ്ക്കാൻ കഴിയാത്ത നിർവൃതി-
മണ്ഡലമാണതിന്നുള്ളിൽ.

വിശ്വൈകമോഹനമങ്ങെഴും ഭാഷകൾ
നിശ്വാസധാരകളത്രെ!

ചുണ്ടുകൾ കൈമാററം ചെയ്യുന്നിതങ്ങെന്നും
ചുംബനനാണ്യങ്ങളാലേ!

ഹർഷമുദിക്കുമ്പോളുണ്ടാകും ബാഷ്പത്തിൻ
വർഷമാണങ്ങെഴും വർഷം!

കോരിത്തരിപ്പുകൾ മൊട്ടിട്ടു പൂക്കുന്ന
കോലാഹലം വേനലത്രെ!

അന്യോന്യവിശ്വാസത്തിന്മലർവാടിയി-
ലന്യൂനപ്രേമത്തിൻ ചോട്ടിൽ,

രാഗാനുഭൂതികൾ കാത്തു നിന്നീടുന്ന
നാകീയസിംഹാസനത്തിൽ,
വാഴുന്നിതങ്ങെഴും രാജാവു തൻകളി-
ത്തോഴിയോടൊത്തെന്നുമെന്നും!!

---

## വിജയത്തിന്റെ മറുപുറം

പോരിന്റെ ധൂമം ശമിച്ചും, വിനാശമാം
ഘോരപാഷാണം ധരിത്രിയിൽച്ചിന്തിയും,

വൻകരയഞ്ചിലുമുഗ്രഫണങ്ങളാൽ
തൻകരാളോൽക്കടലീലകളാടിയും,

ഇത്രനാൾ മേവിയ ദുഷ്ടാലകാളാഹി
പത്തിയ,റ്റാലംബഹീനം മറിയവേ,

നിത്യസംശാന്തിച്ചിറകും വിരുത്തി, വ-
ന്നെത്തി വാനിങ്കൽ വിജയവിഹംഗമം.

സംഗരം തീൎന്നു, സമാധാനദേവിതൻ
തങ്കക്കൊടിക്കൂറ പൊക്കീ പുലരിയാൾ.

മന്നിനെ വെട്ടിപ്പിടിക്കാൻ മദമാൎന്നു
ചെന്നിണച്ചാൎത്തോലിപ്പിച്ച ചെന്നായകൾ

ചങ്ങലസ്സൂള്ളിൽ കുടുങ്ങിയെന്നുള്ളതാം
മംഗലവാൎത്ത വിളിച്ചോതി വാരിധി!

എത്ര ഹതാശർതൻ കണ്ണീർവളത്തിനാൽ
പുത്തുതളിൎത്തതാണീജ്ജയവാടിക!

എത്രയോ യോധർ ഹൃദയരക്തത്തിനാൽ
കെട്ടിപ്പടുത്തതാണിശ്ശാന്തിമന്ദിരം!

എത്ര വേലക്കാർ പൊഴിച്ച വിയർപ്പുണി-
ഞ്ഞെത്തിയതാണിസ്സമാധാനദേവത!
ആനമിന്നത്രേ ഭുവനം സമസ്തവു-
മോണത്തെ ദർശിക്കമാജ്ജയവാസരം;
ആനമിന്നത്രേ മരണം ഗ്രസിച്ചോരു
മാനുഷതത്തിൻ വിജയമഹോത്സവം!

"ഭാവുകം തിങ്ങുമീ വേളയിലെന്തിനായ്
ഭാരതംമാത്രം കരയുന്നു ദീനമായ്?"

വൈദേശികാധിപത്യത്തിൻ വിയർപ്പുണി-
മെയ്തന്നിലുന്മേഷമേററുവാനൊട്ടുനാൾ,
പങ്കവലിക്കും പരതന്ത്രർ തങ്ങളിൽ
ശങ്കയും ശണ്ഠയുമായ്ക്കഴിഞ്ഞീടവേ,
ഭാവി ചോദിക്കുകയാണൊരുചോദ്യം:-മി-
ന്നാവുമോ, നമ്മൾക്കൊരുത്തരമേകുവാൻ?

# വസന്താഗമം

വന്നണഞ്ഞൂ വസന്ത,മാ വാടികൾ
സുന്ദരസുമസുസ്മിതം തൂകയായ്!

എന്മലർവനംമാത്രം വരൾച്ചതൻ
കന്മഷത്താലിതളിൽക്കുഴികയോ?

എങ്ങുമെങ്ങുമുയരുകയായ്, ദല-
മർമ്മരത്തിൻെറ സ്വാതന്ത്ര്യഗീതികൾ!

ഉല്ലസിച്ചു പറക്കയായ്, പാടല-
പല്ലവങ്ങൾതൻ ചെങ്കൊടിക്കൂറകൾ.

വിഷ്ടപത്തിലുയർന്നുപോയ് നവ്യമാം
തുഷ്ടിയു,മൊരു കാന്തിയും, ശാന്തിയും.

മുഗ്ദ്ധമാകും മുരളികാനിസ്വനം
ചിത്തമോദാൽക്കിളികൾ പൊഴിക്കവേ,

കൂമ്പിനിന്ന തൃണാവലിതൻ കൊച്ചു-
നാമ്പുകൾപോലുമാടുന്നിതാമോദാൽ.

മാമകോദ്യാനസീമനി മാത്രമെ-
ന്താമയത്തിന്നമർന്ന നിശ്വാസങ്ങൾ!!

നീലവിണ്ടലവീഥിയിലാശതൻ
നീരദാവലി പാളിനോക്കീടിലും,

ശ്യാമളയാകുമിബ്ഭൂമിതന്നുടെ
പൃമൃദുമേനിയേററം തപിയ്ക്കിലും,
പുഷ്പകാലം പ്രതീക്ഷിച്ച നില്ക്കുന്ന
പുല്ലൊടികൾ കരിഞ്ഞു വീണീടിലും,
വന്നതില്ല വസന്തമി;-ഞ്ഞെൻ വാടി
നിന്നു വാടിക്കരിയുന്നു പിന്നെയും!!

താരകങ്ങൾ തളൻ നോക്കീടുന്നു
കോരകങ്ങളേ,നിങ്ങളെപ്പിന്നെയും.
ഒന്നു കണ്ണു മിഴിയ്ക്കാതെ,യന്യോന്യ-
മൊന്നു കെട്ടിപ്പുണരാതെ നില്ക്കയാൽ,
ഈ മരതകവാടിയെപ്പുല്കുന്നു
ഹാ മരണവും, നാശവും, ഭീതിയും!!
പല്ലവമൃദുലാധരം പൈദാഹ-
ത്തല്ലിനാൽക്കരുവാളിച്ച കേഴുന്നു!!

കുഡ്മളങ്ങളേ! കേൾക്കുകക്കുട്ടിൽനി-
ന്നൽഗ്ഗമിക്കും കുയിലിൻെറ ഗൽഗ്ഗദം!
ശുഷ്കപത്രങ്ങൾ കൈവിലങ്ങൊച്ചപോൽ
മുഷ്ക്കൊടെന്തോ പിറുപിറുത്തീടുന്നു.
ചെമ്പനീർസുമത്തിനും,മാരമ്യയാം
ചെമ്പകത്തിനും, മല്ലികമൊട്ടിനും

ഏല്ലമാം ദലപാളി വിടൎത്തിയി-
ങ്ങുല്ലസിച്ചിടാമെങ്കിലുമെന്തിനോ,

കണ്ണടച്ചു, കലഹിച്ചു, നാളത്തെ
വിണ്ണിനെ നിങ്ങൾ വിസ്മരിച്ചീടുന്നു?

ഒന്നുണരുവി,നൊന്നു പുണരുവിൻ
വന്നുപോയീ വസന്തമാ വാതിലിൽ!!

---

## ആ നൎത്തനം

നൎത്തനം ചെയ്തപ്പോളെന്തിന്നു, മാമക-
ഹൃത്തടംകൊണ്ടു നീ താളംകൊട്ടി?
തൻകാൽച്ചിലമ്പൊലികൊണ്ടു നീയെന്തിനെൻ
തങ്കക്കിനാക്കളെത്താലോലിച്ചു ?
നീലപ്പുരികമിളക്കി നീയെന്തിനെൻ
മേലാകെക്കോരിത്തരിപ്പു പൂശീ?
അൻപിലെൻമാനസത്തോപ്പിൽ വിരിഞ്ഞൊരു
ചെമ്പനിനീരലർച്ചെണ്ടുകളെ
എന്തിന്നു ചോരണംചെയ്തൊളിപ്പിച്ചു നിൻ
ബന്ധുരമാം കവിൾത്തട്ടിനുള്ളിൽ?
താളം ചവിട്ടിയ നേരം നിന്മേനിയി-
ലോളമടിച്ചോരാസ്സാരിയാലേ
വീശിജ്ജ്വലിപ്പിച്ചതെന്തിന്നീയെന്നിൽ നീ-
യാശതൻ ശാശ്വതജ്ജ്വാലകളെ?
അമ്മഞ്ജുനൎത്തനനിസ്തുലചിത്രമെൻ
കൺമുമ്പിൽ മായാതെ നിന്നുവെങ്കിൽ,
നിൎന്നിമേഷാക്ഷനായ്, നിസ്തബ്ധചേഷ്ടനായ്,
നിന്നാസ്വദിച്ചേനേ ഞാനതെന്നും!!

## ക്ഷമിക്കുക

പ്രേമഗായകനാകുന്നില്ല ഞാ
നോമനേ, മാപ്പു നല്കണേ.

കാണുന്നുണ്ടു ഞാൻ നിൻെറ കാറണി-
വേണിതൻ ചുരുൾച്ചാർത്തുകൾ.

കാണ്മതുണ്ടു ഞാനെൻ മുറിവിങ്കൽ
വെണ്ണപ്പൂശുമാപ്പൂമുഖം.

മന്ദഹാസപരാഗം ചിന്തിടും
സുന്ദരാധരം കാണ്മൂ ഞാൻ.

എങ്കിലും....ഭീമ'മെങ്കിലൊ'ന്നുണ്ടി-
ന്നെന്നിൽ നീ ശ്രുവിച്ചീടണേ:

പ്രേമതുന്ദിലചിന്തകൾ വന്നു
കോൾമയിരെന്നിൽ പൂശുമ്പോൾ,

ചുററിലും കാണ്മൂ ഞാൻ ചൂടനീണ-
മുററു നില്ക്കും ഹൃദയങ്ങൾ;

വിണ്ടു വിണ്ടു വരണ്ടു ചുണ്ടുകൾ;
കുണ്ടിലാണ്ട മിഴികളും;

ശക്തമെങ്കിലും ദീൎഘജാലിയാൽ
രക്തം വററിയ മേനികൾ;

അഭ്നഗ്നന്മാരാകുമാളുകൾ;
ക്ഷുത്തടങ്ങാത്ത നാളുകൾ:

പട്ടിണിയിൽ ജനിച്ചു ജീവിച്ചു
പട്ടടപൂല്കും ജീവിതം;

കൈവിലങ്ങുമണിഞ്ഞു, കഷ്ടത
കൈവരിച്ചിടും ജീവികൾ;

ഹൃദ്യമല്ലിവയെങ്കിലും പ്രിയേ
സത്യമാണിവയൊക്കെയും!!

കോകിലത്തിൻെറ കോമളാലാപ-
മേകുന്നില്ലെനിക്കാനന്ദം.

ഭീഷണമാണുലകിൻ നീതികൾ
ദൂഷണം നരഭ്രൂഷണം!!

പാടിടും ഞാനിന്നീ പരവശ-
കോടികളിലൊരുത്തനായ്.

വീയ്യം തുള്ളിത്തുളുമ്പും വാളത്രെ
വീണയല്ലിന്നെൻ തൂലിക.

ആഹവത്തിൻ മുഴങ്ങും പാവന-
കാഹളമെൻെറ ഭാവന.

ചെന്നിണത്താൽ ജയത്തിൻ ചെങ്കുറി
മന്നണിയുംവരേയ്ക്കുമേ,

പാടീടും ഞാനുമീപ്പരവശ-
കോടികളിലൊരുവനായ്.

മോചനം—ഹാ ഹാ—മോചനം വന്നു
മോഹനപ്രഭചിന്തവേ,
വിശ്വമെങ്ങും പരമശാന്തിയിൽ
വിശ്രമിക്കാനൊരുങ്ങവേ;
ഹർഷപൂരിതർ, നമ്മൾക്കന്നൊരു
പുഷ്പം ചിന്തിയ മെത്തയിൽ,
ചുണ്ടിണകൾ ചുവക്കവോളവും
ചുംബനത്തിൽ ലയിച്ചിടാം...!
പ്രേമഗായകനല്ല ഞാ,നിപ്പോ-
ളോമനേ മാപ്പു നല്കണേ.

# ഗായകന്മാർ

ഗായകരുണ്ടവരൊട്ടുപേർ,ജ്ജീവിത-
മായികഗാനലഹരിയിൽ മുങ്ങുവോർ!
അന്തിതൻ പൊൻചഷകത്തിൽത്തുളുമ്പുന്ന
മുന്തിരിച്ചാറവർ മോന്തുമിടയ്ക്കിടെ.

സാഗരവീചികൾ പാറതൻ കാല്ക്കൽ വ-
ന്നാകുലത്തോടേ തലതല്ലിയാർക്കവേ,
മണ്ണിൽച്ചിതറിത്തെറിച്ചു വീഴുന്നോരു
കണ്ണീർക്കണങ്ങളവർക്കു വെൺമുത്തുകൾ!!

മറെറാരു ലോകമവർക്കില്ല, മജ്ജാസ്ഥി
ചുററുമവരുടെ ഹൃത്തുകളെന്നിയെ.
കാലുമിടറി,യസ്പഷ്ടസീൽക്കാരങ്ങൾ
കോലുന്ന ഭാഷയിൽ പാട്ടുപാടുന്നവർ.

പാട്ടും വിഷയമോ, പുഞ്ചിരിപ്പൂവുകൾ
ചൂടുന്ന ചുണ്ടുകൾ,ചൂടുള്ള ചുംബനം!
സ്വന്തംമദോന്മാദമേററും ചിറകുമായ്-
പ്പൊന്തുമവർ ചില സ്വപ്നലോകങ്ങളിൽ.

വീണയവർക്കായ്പ്പണിതവർ ചുററിലും
വീണു വിശപ്പിനാൽക്കാലിട്ടടിക്കവേ,

പാട്ടമവർ, സ്വയം ബുദ്ധിമാന്മാരെന്ന
ധാടിയുംകൈക്കൊണ്ടു സ്വേച്ഛാനുസാരമായ്.

ആരാൻ പ്രതിഷേധശബ്ദമുയർത്തിയാ-
ലൂരിവീശിടും ചില പട്ടവാക്കുകൾ:

"ഞങ്ങൾ സ്വതന്ത്രരാ,ണില്ലയീ ഞങ്ങളെ-
ച്ചങ്ങലവെയ്ക്കുന്നൊരാദർശസംഹിത!
അജ്ഞരാം ശ്രോതാക്കളോർക്കുമോ, സൽക്കലാ-
വിജ്ഞാനമൂറുമിപ്പാട്ടിൻെറ മാധുരി."

പാട്ടുകാർ താളംപിഴച്ചു പാടുമ്പൊഴും
കേട്ടിരിപ്പോർ തലയാട്ടിക്കുഴങ്ങണം!!

# വയനാട്ടിൽ

## ഒന്നു്

നീലവാനും മലകളും തമ്മിൽ
നീളെ, നീളെപ്പുണരുന്ന നാട്ടിൽ,

ഏലത്തോപ്പുകൾ ഭൂവിനെപ്പച്ച-
ച്ചേല ചുററിയ്ക്കുമാ വയനാട്ടിൽ,

കുന്നുകൾതൻ നെറുകയിൽ വൃക്ഷം
'കന്നിക്കാടു'കളങ്ങിങ്ങു ചിന്നും

മിന്നും കൊച്ചു കുരുക്കളണിഞ്ഞു
വന്യലക്ഷ്മി ചമയുന്ന നാട്ടിൽ

ഓടക്കൂട്ടങ്ങൾ മൂടിയ കാട്ടിൽ
കൂടു കൂട്ടും കുരുവികളെന്നും,

പാടിപ്പാടിപ്പറന്നൊരു ശാന്തി-
വാടം നിർമ്മിയ്ക്കുമാ വയനാട്ടിൽ,

ചെന്നിറങ്ങി ഞാ,നോടിക്കിതച്ചു
വന്നു നിന്നോരു മോട്ടോറിൽനിന്നും.

മുന്നിലെങ്ങും കനകം വിതറി,
മിന്നിപ്പൊങ്ങി കതിരവൻ ദൂരെ.

പൊന്നിൻപീലികൾ ചൂടി നിന്നാടും
എണ്ണമററ മയിലുകൾ പോലെ,

തെന്നലേററിട്ടിളകുകയായീ
വന്ന്യവൃക്ഷങ്ങൾ ചുററിലും ചാലെ.

കൊച്ചുകുന്നൊന്നിൻ പൂമുടിയാകും
പച്ചക്കാടിൻ നടുവിൽ വകഞ്ഞ

സ്വച്ഛസീമന്തരേഖയെപ്പോലെ
കൊച്ചു പാതയങ്ങൊന്നു വിളങ്ങി.

മാമലകളകലെയായ്, മേഘ-
മാലയും ചാർത്തി നില്പതു കാണായ്,

ത്തുമയേറും മലയാളത്തിൻെറ
സീമ കാക്കും ഭടരെന്നപോലെ.

തേക്കിൻ കൂട്ടങ്ങളാകുന്ന നീണ്ട
തോക്കും പേറിയാ രക്ഷികൾ നില്പൂ,

നോക്കിനിന്നുപോയ് ഞാ,നെൻമനസ്സിൽ
പൊൽക്കിനാക്കളനേകം വിരിഞ്ഞു.

താരകങ്ങളെത്തങ്കത്തിനുള്ളി-
ലാരോ നന്നായ് പൊതിഞ്ഞിട്ടപോലെ,

ദൂരത്തായി ഞാൻ കണ്ടു 'മധുര-
നാരകത്തിൻ' പഴുത്ത പഴങ്ങൾ.

മഞ്ഞതണിഞ്ഞ മലകൾതൻ മോളിൽ
മഞ്ഞപ്പൊൻകൊടി 'കൊന്ന'കൾ തൂക്കി,

മഞ്ചാടിക്കുരുമാലകൾ ചാർത്തി,
കുഞ്ഞുകങ്ങൾ മലയരെപ്പോലെ!

നീന്തി, നീന്തി നടന്നിതെൻ കണ്ണാ-
ശ്ശാന്തിയൻ രമ്യസാഗരത്തിങ്കൽ.

താന്തനാവില്ല പാന്ഥനാക്കുന്നിൻ-
പ്രാന്തഭൂമിയിലെത്ര പാർത്താലും.

രണ്ട്

"പാവനമാകും കേരളത്തിന്റെ
കാവലാളിയാം നാടിന്നുപോലും

ഏവമാണു മനോജ്ഞതയെങ്കിൽ...."
പോവുകയായെൻ ചിന്തയീമട്ടിൽ.

പാതയിങ്കൽ ഞാൻ നിന്നു മനസ്സാൽ
ഏതോ നൂതനകാര്യം കുറിയ്ക്കെ,

എത്തീ ദൂരത്തുനിന്നുമേതാനും
മർത്ത്യജീവികളാ വഴിക്കിൽ.

'കാട'ന്മാരാണവർ 'പണിയ'ന്മാർ
പാടത്തേയ്ക്കു ഗമിക്കുകയത്രെ,

മൂടിയിട്ടുണ്ടു മേനികളെല്ലാം
ചൂടേററീടും പുതപ്പുകളാലേ.

കാററിൽപ്പാറും തലമുടി; ശൈത്യ-
മേററു ചുളിം കറുത്ത ശരീരം,

കൊററിന്നായിപ്പണിചെയ്തു നിത്യം;
വററിപ്പോകുന്ന ജീവചൈതന്യം;

പട്ടണത്തിലെ മാളികകളുള്ളിൽ
പട്ടുമെത്തയിൽ ചാരിയിരിക്കും

'തോട്ടക്കാര'നെപ്പോററുവാനായി-
ക്കാട്ടിലെന്നും ചവിട്ടും ചരണം;

എവമത്രെ പണിചെയ്യാനായി-
ബ്ഭുവിൽ വന്ന പണിയൻെറ വേഷം!

കോടമൂടും കൊടുമുടിക്കുട്ടം
വീടാണത്രെയീ വീരന്മാക്കെന്നും!!

ദൂരെപ്പൊങ്ങും മലയുടെ താഴെ-
യോരത്തിങ്കലണിയണിയായി,

കൂണു പൊന്തിയപോലവെ, കൊച്ചു-
ക്കൂരകൾ ചിലതങ്ങിങ്ങു കാണാം.

അങ്ങു പാക്കുന്നുപോലും 'പണിയൻ'
അങ്ങു പാക്കുന്നുപോലും 'കുറിച്യൻ'

അംഗത്തിങ്കൽ'നരിപ്പല്ലു'ണിയും
അംഗനമാരുമങ്ങു പാക്കുന്നു!!

നിത്ര്യം നേരം പുലൎന്നു. കതിരോൻ
കൈത്തിരിയായിട്ടെത്തുന്നനേരം,

എത്തീടുന്നു 'പണിയത്തി' കാന്ത-
നൊത്തു തോട്ടത്തിൽ വേല ചെയ്തീടാൻ.

നേരമന്തിയാവുമ്പോൾ, മലകൾ
കൂരിരുട്ടും പുതച്ചു നില്ക്കുമ്പോൾ,

ചോറണിഞ്ഞ കരിമ്പടം ചൂടി,
കൂര നോക്കി മയങ്ങും പണിയൻ.

## മൂന്നു്

ചാരത്തെങ്ങോ വസിക്കും സുഹൃത്തിൻ
ചായത്തോട്ടത്തിലെത്തുവാനായി

ആരോടെങ്കിലും മാൎഗ്ഗനിദ്ദേശ-
മാരാഞ്ഞീടാനുഴറിയെൻ നോട്ടം.

"പൊന്നങ്ങുന്നേ..." വിവശമായേവം
പിന്നിൽനിന്നുമൊരുവാക്കു മെല്ലെ,

വന്നുവീണിതെൻ കാതിൽ, ക്ഷണത്തിൽ
മുന്നിലെത്തിയതിന്നുടമസ്ഥൻ

പിഞ്ഞിക്കീറും പുതപ്പിന്റെ താഴെ
പഞ്ഞിപോലത്തെക്കേശവുമായി,

പഞ്ഞത്തിൻെറ കളിപ്പാവപോലെ,
വന്നു വൃദ്ധനൊരുവനെൻ മുമ്പിൽ.

“പൊന്നങ്ങുന്നേ... മലമ്പനി... യന്നം
മൂന്നുനാളായി കണ്ടിട്ടുപോലും,

നെഞ്ഞു കത്തുന്നു... മോഹമുണ്ടല്പം
കഞ്ഞിവെള്ളം കുടിച്ചിട്ടു ചാകാൻ...”

ഭാവനതൻ വിമാനത്തിലേറി-
ക്കാവ്യം നിർമ്മിക്കുമെന്നെയാ വൃദ്ധൻ,

സാവധാനം വലിച്ചു, തൻപൂർവ്വ-
ജീവിതകഥയ്ക്കുള്ളിലേയ്ക്കായി.

പുഞ്ചപ്പാടങ്ങൾ പുഞ്ചിരിതൂകും
വഞ്ചിഭൂവിലെ‘ക്കുട്ടനാടി’ങ്കൽ,

പാവപ്പെട്ടൊരു കർഷകനായി-
ജ്ജീവിതസുമം ഭൂവിൽപ്പതിച്ചു.

‘തോമാച്ചേട്ടൻ’ വളർന്നുപോൽ, ‘പാട്ട-
ഭൂമിയിങ്കൽ’ കൃഷിചെയ്തുകൊണ്ട്,

ഭീമമാകും കുടുംബത്തിൻഭാരം
തോമാച്ചേട്ടൻതൻ തോളിൽച്ചുമന്നു.

“യുദ്ധത്തിൻെറ ഇടിത്തീയ്യുവീണു
പത്തറുപതു പ്രായം ചെന്നപ്പോൾ,

കത്തിക്കാളിപോൽ കഷ്ടപ്പാടിൻെറ
തപ്തകുണ്ഡങ്ങൾ ഗ്രാമത്തിലെങ്ങും!

"വെള്ളപ്പിണ്ണാക്കു" തിന്നുവാൻ മേലാ-
ത്തുള്ള "സൊത്തുക്കൾ കാശാക്കി മാറി,"

"വെള്ളി വാരുവാനായ"യാൾ പോന്നു,
ഉള്ളിലാശയോടീ വയനാട്ടിൽ.

"പെണ്ണിനേയും കുടുംബത്തേയും"തൻ
"പെങ്ങൾവീടതിൽ കൊണ്ടച്ചെന്നാക്കി

കണ്ണുംചിമ്മിയൊരൊററ നടത്തം...!"
വന്നു കേറി വയനാട്ടിലായാൾ.

"മേസ്തിരി"യാകാമെന്നുള്ള മോഹാൽ,
"മാത്തൻസാറിൻെറ" തോട്ടത്തിൽ ചേന്നു.

പൂവിരിക്കുവാൻ വന്നില്ല നല്ല-
ഭാവിയാവൃദ്ധജീവിതത്തോപ്പിൽ.

"നാലു ചക്രം" ഗൃഹത്തിലയയ്ക്കാൻ
കാലം സമ്മതിക്കുന്നതിൻ മുമ്പെ,

ഘോരമാകും മലമ്പനി സപ്പം
കേറിക്കൊത്തിയാ ജീവിതത്തിങ്കൽ.

നീണ്ട വാസരമെത്രയോ ക്ഷുത്തി-
ലാണ്ടുകൊണ്ടയാൾ പിന്നിട്ടു പോന്നു.

കണ്ടതില്ലയാൾ കഷ്ടതയ്ക്കന്ത്യം;
താണ്ടിയില്ലയാളാരോഗ്യതീരം;

ജോലി പൊയ്പോയി, കാശില്ലാതായി
കൂലിവീടിന്നു വാടക നല്കാൻ.

തോലുമെല്ലുമായ് ദേഹം; അങ്ങാടി-
ക്കോലായിന്മേലായ് താമസം നിത്യം.

കണ്ണടപ്പതിൻ മുമ്പായി നാട്ടിൽ-
ച്ചെന്നു ചേരുവാനാശിപ്പൂ വൃദ്ധൻ.

"ദണ്ഡമുണ്ടുപോലീ മറുനാട്ടിൻ-
മണ്ണിൽവീണു മറയുവാനായി..."

## നാല്

മാഞ്ഞുപോയ് നീലവാനും മലയും,
മാഞ്ഞു കാടുകൾ കൺമുമ്പിൽനിന്നും

കാഞ്ഞ ചിന്തകളെൻഹൃത്തടത്തി-
ലാഞ്ഞു കത്തിപ്പടന്നുതുടങ്ങി.

തുള്ളിത്തുള്ളി വിറച്ചും ഹൃദയം
വിള്ളും മട്ടിൽ ഞരങ്ങിക്കിതച്ചും,

ഉള്ളംകയ്യിൽ ഞാൻ വെച്ചുകൊടുത്ത
വെള്ളിത്തുട്ടുമായയാൾ നടന്നു.

മൂളികൊണ്ടു കടന്നുപോയ്, നീളെ-
ദ്ധൂളി ചിന്തിയൊരു കൊച്ചുമോട്ടോർ,

ചൂളം വിട്ടിരിക്കുന്നോരു തോട്ട-
മേലാൾ പിന്നിലെസ്റ്റീററിൻ നടുവിൽ.

കത്തുന്നുണ്ടായിരിക്കാമാക്കാറിൽ
കത്തിപ്പൊങ്ങുന്ന വാതത്തോടൊപ്പം

എത്രയെത്രയോ "തോമമാർ" തൻെറ-
തപ്തനിശ്വാസതാരകളെന്നും.

കണ്ടതില്ല ഞാൻ കാനനദീപ്തി!
കേട്ടതില്ല ഞാൻ കോകിലസൂക്തി!

കണ്ടു ഞാൻ ചുററും വൈരുദ്ധ്യത്തിൻെറ
കൊണ്ടൽ മൂടിയ വാനത്തെ മാത്രം!

എന്നാണീ നീലമേഘങ്ങളെല്ലാം
ഒന്നായേതോ മലയിങ്കൽമുട്ടി,

നന്നായ് ലോകത്തിലെങ്ങും സമത്വ-
പ്പൊന്നുടപ്പു വിരിയ്ക്കുന്നതാവോ?

ശ്രീ കൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

ശ്രീ കൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

# പുതിയ പുസ്തകങ്ങൾ

1. ശ്രീമൽഭഗവദ്ഗീത—സവ്യാഖ്യാനം—(വ്യാഖ്യാതാവ്: പണ്ഡിതരാജൻ പി. എസ്സ്. അനന്തനാരായണശാസ്ത്രി) വില 10ക
2. ശ്രീദേവീമാഹാത്മ്യം—ശുദ്ധമായ പാഠം, പരിഭാഷ, പാഠാന്തരങ്ങൾ, മന്ത്രവിഭാഗം ഇവയോടുകൂടിയ പുതിയ പരിഷ്കരിച്ച പതിപ്പ്. പണ്ഡിതരാജൻ പി. എസ്സ്. അനന്തനാരായണശാസ്ത്രികളെഴുതിയത്. വില 2ക. 8ണ.
3. പൊലിഞ്ഞ ദീപം—ഗദ്യനാടകം—നാഗവള്ളി ആർ. എസ്സ്. കുറുപ്പ്. വില 1ക. 4ണ.
4. ദീനാമ്മ—കേശവദേവിൻെറ വികാരോദ്ദീപകങ്ങളായ അഞ്ചു ചെറുകഥകൾ. വില 1ക 4ണ.
5. കൊച്ചനുജത്തി—സുപ്രസിദ്ധചെറുകഥാകാരനായ കാരൂർ അവർകളുടെ പുരോഗമനപരമായ 8 ചെറുകഥകൾ. വില 1ക. 4ണ
6. കാളവണ്ടി—വി. വി. എന്ന തൂലികാനാമധേയത്താൽ പ്രസിദ്ധനായ ശ്രീ. വള്ളത്തോൾ വാസുദേവമേനോൻ എഴുതിയ 7 ചെറുകഥകൾ. വില 1ക. 8ണ.
7. തേന്മുള്ളുകൾ—പി.സി. കുട്ടികൃഷ്ണൻെറ ചെറുകഥാസമാഹാരം. പേജ് 204. വില 2ക.
8. കർപ്പൂരചരിതഭാണം— മഹാകവി വള്ളത്തോളിൻെറ തർജ്ജമ വില 10ണ
9. പുള്ളിമാൻ—എസ്സ്. കെ. പൊറ്റെക്കാട്. വില 1ക. 8ണ.
10. തറവാട്ടമ്മ—ശരച്ചന്ദ്രചാറ്റർജിയുടെ രസകരമായ ഒരു നോവൽ—സമുദായത്തിൻെറ ഒരു യഥാർത്ഥചിത്രീകരണം—ടാഗോറിൻെറ മുഖവുരയോടുകൂടിയതു്—ഭംഗിയായ തർജ്ജമ. വില 1ക. 8ണ.
11. ആറു റഷ്യൻകഥകൾ— വില 1ക. 4ണ.

മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.

E575



# വില്ലാളി

പി. ഭാസ്കരൻ

ശ്രീ കൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

Indic Digital Archive Foundation
gpura.org